ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ – 695035
**ഫോൺ:** 04712302490 **ഫാക്സ്:** 04712303025/20303080
ഇ-മെയിൽ : dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

## ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&റ്റി )നടപടിക്രമം

വിഷയം: ആരോഗ്യവകുപ്പ് –ജീവനക്കാര്യം – കോവിഡ്–19 – അടിയന്തിര സാഹചര്യം തരണം ചെയ്യുന്നതിന്റെ ഭാഗമായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -II തസ്തികയിൽ അഡ്–ഹോക്ക് നിയമനം നടത്തുന്നതിന് അനുമതിനൽകി ഉത്തരവാകുന്നു.

പരാമർശം: 1. ഉത്തരവ് നം.എഫ്.ഡബ്ലിയു.എ 4 – 27368/2020/ആ.വ.ഡ. തീയതി: 04/05/2020

**ഉത്തരവ് നം.എഫ്.ഡബ്ലിയു.എ 4 – 27368/2020/ ആ.വ.ഡ. തീയതി: 21/08/2020**

മേൽ പരാമർശം ഉത്തരവനുസരിച്ച് കോവിഡ്–19 രോഗബാധയെ തുടർന്നുണ്ടായിരിക്കുന്ന അടിയന്തിര സാഹചര്യം തരണം ചെയ്യുന്നതിലേക്കായി സംസ്ഥാനത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -II തസ്തികയിൽ പി.എസ്.സി. റാങ്ക് പട്ടികകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ എല്ലാ ജില്ലകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -II തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് അഡ്–ഹോക്ക് വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അനുമതിനൽകിയിരുന്നു. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകിയ താൽക്കാലിക ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചിരിക്കുന്നതായും രോഗ വ്യാപനം നിയന്ത്രണ വിധേയമാകാത്ത സാഹചര്യത്തിൽ തുടർന്നും നിയമനം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ അഭ്യർത്ഥിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ ആവശ്യമുള്ള ജില്ലകളിൽ തുടർന്നും നിയമാനുസൃതം അഡ്–ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അനുമതിനൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ഡോ. സെമീറ .എ
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താക്കൾ – ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം/ കൊല്ലം/ പത്തനംതിട്ട/ആലപ്പുഴ/ കോട്ടയം/ഇടുക്കി/ എറണാകുളം/ തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കോഴിക്കോട്/ വയനാട്/ കണ്ണൂർ/ കാസർഗോഡ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല)

പകർപ്പ്
1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
3. ഫയൽ

//അംഗീകാരത്തോടെ//
സൂപ്രണ്ട്